യഥാസമയം ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസവും വൈവിദ്ധ്യവും സേവന തൽപ്പരതയുമുള്ള പട്ടികജാതി യുവതീയുവാക്കളെ തെരഞ്ഞെടുത്ത് മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്ന പേരിൽ സേവനകേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ട്.

(ബി) ക്ലബ് ഒന്നിന് 5 ലക്ഷം രൂപയാണ് ചെലവിനായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പട്ടികജാതി വകുപ്പു വിഹിതം 3,20,000 രൂപയും ബാങ്ക് വായ്പ 1,62,000 രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്.

(സി) നടപ്പുവർഷം ഇത്തരത്തിലുള്ള പത്ത് ക്ലബുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ. റ്റി. ഐ./ഐ. റ്റി. സി. തുടങ്ങിയ സാങ്കേതിക യോഗ്യതയുള്ള പത്ത് പേർ വീതമടങ്ങിയ ഈ ക്ലബ്ബുകൾ പട്ടികജാതി വികസന വകുപ്പിന്റേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിലായിരിക്കും പ്രവർത്തിക്കുക. നഗരത്തിൽ ഏറ്റവും തിരക്കുള്ളതും അനുയോജ്യവുമായ സ്ഥലത്തായിരിക്കും ക്ലബിന്റെ കേന്ദ്ര ആഫീസ്. സഞ്ചരിക്കുന്ന യൂണിറ്റായാണ് പ്രവർത്തനം രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നതിനാൽ ഓരോ യൂണിറ്റിനും 5 സെൽ ഫോൺ, ഒരു ലാൻഡ് ഫോൺ, 5 മോപ്പഡ് എന്നിവ വാങ്ങി നൽകും. കൂടാതെ പണികൾ നടത്താനാവശ്യമായ ഉപകരണങ്ങളും (ടൂൾ കിറ്റ്), ഓഫീസിനോടനുബന്ധിച്ച് ഒരു മിനി വർക്ക്ഷോപ്പും ഉണ്ടാകും. സേവനം ആവശ്യപ്പെട്ട് സന്ദേശം ലഭിച്ചാൽ ഉടൻതന്നെ സ്ഥലത്തെത്തി സേവനം നൽകുന്നതാണ്.

പട്ടികജാതി യുവാക്കൾക്കായി തൊഴിൽ ക്ലബ്ബുകൾ

*2 [948] ശ്രീ. പി. നാരായണൻ :

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്കുവേണ്ടി തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽ ക്ലബ്ബുകൾ മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) സേവനമേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടിക ജാതി വികസന വകുപ്പിന്റേയും കുടുംബശ്രീയുടേയും സംയുക്ത ആഭിമുഖ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക വിദ്യാഭ്യാസം നേടിയ യുവതീയുവാക്കൾക്ക് മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഐ. റ്റി. ഐ./ഐ. റ്റി. സി. പാസ്സായി തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്ന ആകെയുള്ള 352 പട്ടികജാതിക്കാരിൽ നിന്നും പല ഘട്ടങ്ങളിലായി നടത്തിയ ഓറിയന്റേഷൻ ശിൽപ്പശാലയിലൂടെ അഭിരുചിയും താൽപ്പര്യവും സന്നദ്ധതയും പ്രകടിപ്പിച്ച 21 പേരെ അന്തിമമായി കണ്ടെത്തി. ഗ്രൂപ്പ് ചർച്ച, വിഷയാവതരണം, എഴുതുവാനുള്ള കഴിവ്, സാങ്കേതികമായ അറിവ്, ആശയവിനിമയശേഷി, പ്രസംഗപരിശീലനം എന്നീ രീതികളിലൂടെയാണ് ഇവരെ തെരഞ്ഞെടുക്കുന്നത്. അവരെക്കൊണ്ടുതന്നെ നഗരത്തിൽ മാർക്കറ്റ് സർവ്വേ നടത്തിച്ചു. പ്ലംബിംഗ്, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, കാർപ്പെന്ററി, മേസ്തിരിപ്പണി തുടങ്ങിയ ജോലികൾക്കാണ് ഏറ്റവും അധികം വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമെന്ന് കണ്ടെത്തി. അക്കൗണ്ടിംഗിലും കമ്പ്യൂട്ടറിലും പരിശീലനം നൽകി. പൊതുജനങ്ങളുമായി ഇടപെടേണ്ട സന്ദർഭങ്ങളിൽ എങ്ങനെ പെരുമാറണം, വ്യക്തികളെ എങ്ങനെ മനസ്സിലാക്കാം, ഒരു നല്ല പൊതുജന സമ്പർക്കം എങ്ങനെ സാധിക്കാം എന്നതിനെ സംബന്ധിച്ച് വ്യക്തിബന്ധ അപഗ്രഥനത്തിലൂടെ Transactional analysis അവരെ പഠിപ്പിച്ച് വിദഗ്ദ്ധ തൊഴിൽ പ്രദാനം ചെയ്യുന്ന സംരംഭകർ എന്ന നിലയിൽ അവർക്ക് ഒരു ക്രാഷ് ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നു. ഈ പരിശീലനം തീരുന്ന മുറയ്ക്ക് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസം നേടിയ പട്ടികജാതി യുവതീയുവാക്കൾക്ക് ആദായകരമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുക, അവരുടെ സ്വയംതൊഴിൽ സംരംഭകശേഷി വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും മെച്ചപ്പെട്ടതുമായ ഗാർഹിക സേവനങ്ങൾ എത്തിച്ചുകൊടുക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതികൾക്കുള്ളത്.

(ഡി) ക്ലബ്ബുകൾ മുഖേന നൽകാൻ കഴിയുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് ക്ലബ് അംഗങ്ങൾ തന്നെ നടത്തിയ സർവ്വെയിലൂടെയാണ് കണ്ടെത്തിയത്. പ്ലംബ്ബിംഗ്, ചെറിയ കാർപ്പെന്ററി, മേസ്തിരിപ്പണി, ഇലക്ട്രിക്കൽ റിപ്പയർ/ഇലക്ട്രോണിക് റിപ്പയർ, ഗ്യാസ് സ്റ്റൗ/കുക്കിംഗ് റേഞ്ച് എന്നിവ വൃത്തിയാക്കലും റിപ്പയറിംഗും, ഇസ്തിരിപ്പെട്ടി റിപ്പയർ, വാഹനങ്ങൾ കഴുകുക, ചെറിയ ഇന്റീരിയർ ഡെക്കറേഷൻ, വാക്വം ക്ലീനർ ഉപയോഗിച്ച് പൊടികളയുക തുടങ്ങിയ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാരിലേക്ക് അടയ്ക്കാനുള്ള വിവിധ ബില്ലുകൾ, നികുതികൾ, ഫീസുകൾ എന്നിവ ജനസേവന കേന്ദ്രത്തിൽ (ഫ്രണ്ട്സ്) അടയ്ക്കുന്നതിനുള്ള സഹായവും ഇവർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ പ്രധാനമായും പട്ടണപ്രദേശങ്ങൾ കേന്ദ്രീകരിച്ചു നടത്തുന്നതിന് ഉദ്ദേശിച്ചും, അതുപോലെതന്നെ സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള യുവതീയുവാക്കൾക്കുവേണ്ടിയും മാത്രമാണ് പരിമിതപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ നാട്ടിലെ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരും അല്ലാത്തവരുമായ ആയിരക്കണക്കിന് ചെറുപ്പക്കാർ പട്ടിക വിഭാഗത്തിലുണ്ട്. അതിൽ പലരും ഗ്രാമപ്രദേശങ്ങളിലാണ്. അങ്ങനെയുള്ള സാഹചര്യം പരിഗണിച്ചുകൊണ്ട് ഐ. റ്റി. ഐ.യോ, അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരും അല്ലാത്തവരുമായ ആളുകളെ ഉൾപ്പെടുത്തി ജോയിന്റായിട്ട് ചെയ്യാൻ കഴിയുന്ന പല വെൻചറുകളും ഉണ്ട്. ഉദാഹരണമായി, കൺസ്ട്രക്ഷൻ മേഖല അവിടെ സാങ്കേതിക വിജ്ഞാനം ലഭിച്ചവർക്കും അല്ലാത്തവർക്കും അവസരം ഉണ്ട്. അങ്ങനെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനും ക്ലബ്ബുകൾ ആരംഭിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇതൊരു തുടക്കം എന്ന നിലയിലാണ് പട്ടികജാതി വികസന വകുപ്പും കുടുംബശ്രീയും സംയുക്തമായിട്ട് പരിപാടി ആരംഭിച്ചത്. കഴിഞ്ഞ അഞ്ചുമാസത്തിനു ശേഷമാണ് പണി ആരംഭിക്കാൻ പോകുന്നത്. കഴിഞ്ഞ കാലത്തുള്ള എല്ലാ ഗവൺമെന്റുകളും പട്ടികജാതിക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒട്ടേറെ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷെ അതിൽ പലതും ഫലപ്രാപ്തിയിൽ എത്തിയില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അങ്ങ് ഉദ്ദേശിച്ചതുപോലെ ഇത് തുടക്കമാണ്. വിജയപ്രദമെന്ന് കണ്ടെത്തിയാൽ മറ്റ് നഗരങ്ങളിലും പടിപടിയായി ഗ്രാമങ്ങളിലേക്കും ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ: സർ, അതുപോലെ ഈ ഓരോ ക്ലബ്ബുകൾക്കും മൊത്തത്തിൽ ചെലവുവരുന്ന തുക അഞ്ചു ലക്ഷം രൂപ എന്നാണ് പറയുന്നത്. അതുകൊണ്ട് ആയിരിക്കാം ഇപ്പോൾ പത്ത് ക്ലബ്ബുകൾ മാത്രം തുടക്കത്തിൽ ആരംഭിക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. നാഷണൽ എസ്.സി. എസ്.ടി. കോർപ്പറേഷൻ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. കൂടുതൽ വായ്പ നാഷണൽ എസ്. സി. എസ്. ടി. കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: നാഷണൽ ഷെഡ്യൂൾഡ് കാസ്റ്റ് ഫിനാൻഷ്യൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് നേരിട്ട് ലോൺ നൽകുകയില്ല. കേരളാ പട്ടികജാതി വികസന കോർപ്പറേഷൻ ചാനലൈസിംഗ് ഏജൻസി വഴിയാണ് കൊടുക്കുന്നത്. അങ്ങനെ ആ കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സാമ്പത്തികമായ മുന്നേറ്റം ഉണ്ടാക്കാൻ വേണ്ടിയിട്ടുള്ള നടപടി സ്വാഗതാർഹമാണ്. പക്ഷെ അവർക്ക് സാമൂഹികമായി മറ്റ് ആളുകളെപ്പോലെ ഉയരുവാൻ കൂടിയുള്ള ഒരു സാഹചര്യം ഇതിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നുവെന്ന് തോന്നിപ്പോകുന്നു. എന്റെ ചോദ്യം അതല്ല, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾ ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് ബാങ്ക് ലോൺ കിട്ടാനുള്ള സാഹചര്യം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക്

കഴിയുമോ; പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതി, അതിന് മുൻഗണന കൊടുത്ത് പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് വേണ്ടത്ര തൊഴിൽ കൊടുക്കാനും സഹായം കൊടുക്കാനും കഴിയുമല്ലോ; അതേപ്പറ്റി ആലോചിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി തൊഴിലിനുള്ള ധാരാളം സ്കീമുകൾ ഉണ്ട്. അതു കൂടാതെ പട്ടികജാതി വികസന വകുപ്പു വഴി വ്യക്തിക്കും അതുപോലെ ഗ്രൂപ്പിനും ബാങ്ക് വായ്പയെടുത്ത് വ്യവസായം നടത്താം. അതിനുള്ള സബ്സിഡിയുണ്ട്, ഒരു വ്യക്തിക്ക് പരമാവധി മൂന്നു ലക്ഷം രൂപ വരെ കൊടുക്കും. അതിൽ ഒരു ലക്ഷം രൂപ സബ്സിഡിയാണ്. രണ്ടു ലക്ഷം രൂപ, ബാങ്ക് വായ്പയാണ്. അങ്ങനെയുള്ള സ്കീം ഇപ്പോൾത്തന്നെ വികസന വകുപ്പിനുണ്ട്. എസ്. സി. എസ്. ടി. കോർപ്പറേഷനുമുണ്ട്. ഇതുകൂടാതെ പ്രൈംമിനിസ്റ്റേഴ്സ് സ്കീമിലും ഉണ്ട്. ഇ. എം. ആർ-സ്കീമിലും ഫിനാൻഷ്യൽ വിംഗിലും കിട്ടാൻ സൗകര്യമുണ്ട്. സ്കീമിന്റെ കുറവല്ല, സ്കീം ധാരാളമുണ്ട്. പക്ഷെ നൂറ്റാണ്ടുകളായി കൂലിപ്പണിയും മറ്റും ചെയ്തുവന്ന ഒരു സമൂഹത്തിന് പെട്ടെന്ന് ഇതങ്ങോട്ട് വഴങ്ങുന്നില്ല. കുറച്ച് സമയമെടുക്കും.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, വിജയകരമായി നടന്നുവരുന്ന കുടുംബശ്രീ പോലെ പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താനുള്ള സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ യുവതികളെ സഹായിക്കാനും ഗവൺമെന്റ് ആലോചിക്കുമോ; ഇതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ മൊത്തമായി കാണുന്നെങ്കിൽ പോലും ആദിവാസികളുടെ കാര്യത്തിൽ ട്രൈബൽ മേഖലയിൽ പ്രത്യേകമായി ആദിവാസി സ്ത്രീകൾക്കു വേണ്ടിയുള്ള ഈ പറയുന്ന സെൽഫ് ഗ്രൂപ്പ് ഇപ്പോൾതന്നെ ഉണ്ടാക്കിയിട്ടുണ്ട്. അതിനു മുൻകൈയെടുക്കുന്നത് കുടുംബശ്രീ തന്നെയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തൊഴിൽദാന പദ്ധതി വളരെ ശ്ലാഘനീയം തന്നെയാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിന്റെ സൗകര്യം ലഭിക്കാറില്ല എന്നത് നിലവിലുള്ള ചില സാഹചര്യങ്ങൾ മനസ്സിലാക്കിയാൽ കാണാൻ കഴിയുന്നുണ്ട്. സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകി ഈ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇപ്പോൾത്തന്നെ ഇപ്രകാരം ധാരാളം സ്കീമുകൾ ഉണ്ട്. ആ സ്കീമുകൾ ഏറ്റെടുക്കുന്ന ആളുകൾ വിജയത്തിൽ എത്തുന്നില്ല എന്നുള്ളതാണ് വിഷമം. ഇപ്പോൾത്തന്നെ ഞങ്ങൾ തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും 352 പേർക്ക് കത്തയച്ചിരുന്നു. വന്നത് 176 പേരാണ്. ആറ് ഘട്ടങ്ങളിലായി പരിശീലനം കഴിഞ്ഞപ്പോഴേക്കും കിട്ടിയത് 20 പേരെയാണ്. തുടക്കമായതുകൊണ്ട് ആത്മവിശ്വാസമില്ല. എസ്. സി./എസ്.ടി.-കൾക്ക് ആവശ്യം സർക്കാരിന്റെ ജോലിയാണ്. അവർ സ്വയം തൊഴിലിലേക്കും കൊമേഴ്സ്യൽ ആക്റ്റിവിറ്റീസിലേക്കും പോകാനുള്ള മാനസീകാവസ്ഥയിൽ എത്തിയിട്ടില്ല. ഇത് കഴിഞ്ഞ 5 മാസത്തെ കഠിനാദ്ധ്വാനമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുൻകാലങ്ങളിൽ സ്വയം തൊഴിലിനുവേണ്ടി സ്കീം ആരംഭിച്ചപ്പോൾ പരാജയപ്പെട്ടതു പോലെ ഇനി ഇത് പരാജയപ്പെടാൻ പാടില്ല എന്ന നിർബന്ധമുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ മൂലധനനിക്ഷേപമെന്ന് പറഞ്ഞിട്ടുള്ളത് അഞ്ച് ലക്ഷം രൂപവരെയാണ്. അതിൽ 3,20,000 രൂപയാണ് ഗ്രാന്റായിട്ട് കൊടുക്കാൻ വകയിരുത്തിയിട്ടുള്ളത്. 1,62,000 രൂപ ബാങ്കുകൾ കൊടുക്കുന്നുണ്ട്. ശേഷിക്കുന്ന 18,000 രൂപ ഇതുപോലെ തെരഞ്ഞെടുക്കുന്ന 10 പേർ അടങ്ങുന്ന ക്ലബ്ബുകൾ കണ്ടെത്തേണ്ടതായിട്ട് വരുമ്പോൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മലയോര മേഖലയിലുള്ളവർക്ക് അത് സാധിക്കാതെ വരികയും അർഹരായവർക്ക് കിട്ടാത്ത സ്ഥിതി വരികയും ചെയ്യും. ധാരാളം ക്ലബ്ബുകളുള്ളതിൽ ചുരുക്കം ചില ക്ലബ്ബുകളിലാണ് രൂപീകൃതമാക്കുന്നത്. ഇപ്പോൾ നഗരത്തിൽ മാത്രമാണ് തുടങ്ങുന്നത്. പക്ഷേ മലയോരമേഖലയിലേക്ക് വരുമ്പോൾ ഗ്രാമപ്രദേശത്തുള്ളവർക്ക് സൗകര്യം ചെയ്യുന്നതിനുവേണ്ടി, 18,000 രൂപ ഗ്രാമപ്രദേശത്തുള്ളവർക്ക് വലിയ തുകയാണ്. ഈ തുക എം. എൽ. എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കൊടുക്കുന്നതിനു വേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ കൊടുക്കുന്നതിന് കഴിയുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഓരോ വ്യക്തിയും 18,000 രൂപ ഗുണഭോക്തൃവിഹിതം വയ്ക്കുക എന്ന ഒരു ഫിലോസഫി ഇതിന്റെ പിന്നിലുണ്ട്. ഇതിൽ പങ്കെടുക്കുന്നവർക്ക് ഇതിനകത്ത് പങ്കാളിത്തം ഉണ്ടെന്നുള്ള തോന്നലുണ്ടാകണം. അല്ലെങ്കിലിത് പരാജയപ്പെടുമെന്നൊരു ഫിലോസഫിയാണുള്ളത്. പണം ഇല്ലാത്തതിന്റെ പേരിൽ ഒരാളും കൊഴിഞ്ഞുപോകാൻ പാടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം. എൽ. എ.-മാരുടെ ഫണ്ടിൽ നിന്നും കൊടുക്കുന്നതിൽ സന്തോഷമേയുള്ളൂ.

ശ്രീ. പി. നാരായണൻ: സർ, പട്ടികജാതി യുവതീയുവാക്കൾക്കു വേണ്ടിയുള്ള തൊഴിൽ ക്ലബ്ബുകൾ രൂപീകരിച്ചത് നല്ല കാര്യം തന്നെയാണ്. കഴിഞ്ഞ കാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്കെല്ലാം ധാരാളം ധനസഹായങ്ങൾ ഗവൺമെന്റ് നൽകിയിരുന്നു. അതെല്ലാം പരാജയപ്പെട്ടു എന്നുപറഞ്ഞു. അത് എന്തുകൊണ്ടാണ് പരാജയപ്പെട്ടത് എന്നുള്ളതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നതിനുശേഷം പഠിച്ചിട്ടുണ്ടോ; അങ്ങനെയുള്ള കാരണങ്ങൾ പഠിച്ചുകൊണ്ട് അതിന്റെ പോരായ്മകൾ നീക്കി ഇവരെ സമൂഹത്തിന്റെ മുൻനിരയിലെത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടെ എല്ലാ ഗവൺമെന്റുകളും കഴിഞ്ഞ അമ്പത് വർഷങ്ങളിലായി സ്വയം തൊഴിൽ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒരുദാഹരണം പറയാം. നമ്മുടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പട്ടികജാതി മോട്ടോർ സർവ്വീസ് സൊസൈറ്റി ഉണ്ടാക്കി, കോടികൾ സ്പെൻഡ് ചെയ്തു. എല്ലാം അടച്ചുപൂട്ടി. പട്ടികജാതിക്കാർക്ക് കുക്കിംഗ് ഗ്യാസ് ഏജൻസി കൊടുത്തു. പെട്രോൾ പമ്പ് കൊടുത്തു. എല്ലാ പഞ്ചായത്തുകളിലേയും ഷോപ്പിംഗ് കോംപ്ലക്സുകളിൽ 10 ശതമാനം മുറികൾ എസ്. സി./എസ്. ടി.-ക്ക് കൊടുത്തു. ആ അവസ്ഥ നിങ്ങൾക്കറിയാം. അതിനുള്ള കാരണം അവരുടെ കുറ്റമല്ല. രണ്ടായിരം വർഷമായി ഈ ജനവിഭാഗത്തിന് സ്വന്തമായി തൊഴിൽ ചെയ്ത് ശീലമില്ല. കൂലിപ്പണിയായിരുന്നു,

LIBRARY ARCHIVES Kerala Legislative Assembly

അടിമപ്പണിയായിരുന്നു. ആ മാനസികാവസ്ഥയിൽനിന്നും മാറാൻ അല്പം സമയമെടുക്കും. 50 വർഷംകൊണ്ട് രണ്ടായിരം വർഷക്കാലത്തേത് മാറില്ല. അതുകൊണ്ടുതന്നെ ഈ സ്ഥിതി പഠിച്ച് അവർക്ക് തൊഴിൽ കൊടുക്കുന്നതിന് മുമ്പ് ഒരു അവലോകനം നടത്തുക. ഇതിന് ഞങ്ങൾ ചെയ്തത് എക്സ്പെർട്സിനെ വിളിച്ചുവരുത്തി, ബാങ്കുകളിലെ ഉന്നത ഉദ്യോഗസ്ഥർ അതുപോലെ മാനേജ്മെന്റ് വിദഗ്ദ്ധർ, സംരംഭകത്വ മാനേജർ, കോളമിസ്റ്റ് ഇവരെയൊക്കെ വിളിച്ചുവരുത്തി, അവരെക്കൊണ്ടുതന്നെ സർവേ നടത്തി, എന്നിട്ടാണ് സ്കീം ആരംഭിക്കാൻ പോകുന്നത്. മുൻകാലങ്ങളിൽ ഉണ്ടായ ബുദ്ധിമുട്ട് ഉണ്ടാകാൻ പാടില്ല എന്ന നിർബന്ധമുണ്ട്. ഇത് വിജയിക്കുമെന്ന് ഉറപ്പു പറയാൻ പറ്റില്ല. നമുക്ക് ശ്രമിച്ചുനോക്കാം.

ശ്രീ. പി. നാരായണൻ: സർ, ധാരാളം സ്കീമുകൾ ഇങ്ങനെയുണ്ട്. അവർക്ക് ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ കൊടുക്കുന്നുണ്ട്. ലക്ഷങ്ങളുടെ കണക്കുകൾ പറയുന്നുണ്ട്. ഈ തുക എന്തുകൊണ്ടാണ് പട്ടികജാതി യുവതീയുവാക്കളുടെ കൈവശം എത്തിച്ചേരാത്തത് എന്നതാണ് എന്റെ ചോദ്യം. എന്റെ അഭിപ്രായത്തിൽ അടിത്തട്ടിലുള്ള ജനവിഭാഗമായതുകൊണ്ട്, വിവിധ വകുപ്പുകളിൽ നിന്നും ട്രെയിനിംഗ് കഴിഞ്ഞ് ബാങ്കുകളിൽ ചെല്ലുമ്പോൾ, ബാങ്കുദ്യോഗസ്ഥർ ഇവർക്കാവശ്യമായ തുക വിതരണം ചെയ്യാൻ തയ്യാറാകുന്നില്ല. ഇതിന്റെ കാരണം ഇവർക്ക് ഗ്യാരന്റി നിൽക്കാൻ ആരും തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഗ്യാരന്റി നിൽക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പട്ടികജാതി യുവതീയുവാക്കൾ തൊഴിലിനായി ബാങ്കിനെ സമീപിച്ചാൽ പലപ്പോഴും ബാങ്കുകൾ ലോൺ കൊടുക്കാൻ വൈമുഖ്യം കാണിക്കുന്നുണ്ട്. തിരിച്ചടവിന് ബുദ്ധിമുട്ടുള്ളതുകൊണ്ടാണ്. കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെതന്നെ, എന്തിനാണോ വായ്പ തരുന്നത്, അത് സെക്യൂരിറ്റിയായി പിടിച്ചുകൊണ്ട് വായ്പ കൊടുക്കണമെന്ന നിർദ്ദേശം പലപ്പോഴും നൽകിയതുകൊണ്ട് കുറേ ബാങ്കുകൾ സഹകരിക്കുന്നുണ്ട്.

ശ്രീ. എൻ. രാജൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നിരവധി പദ്ധതികൾ നമ്മൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്., അതിൽ പലതും പരാജയപ്പെട്ടുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഇവിടെ ആരംഭിച്ച ജോബ് ക്ലബ്ബുകൾ വളരെ ഭംഗിയായി നമുക്ക് കൊണ്ടുപോകണം. ഈ പദ്ധതി നഗരവാസികൾക്കു മാത്രമായി ഒതുങ്ങിനിൽക്കുന്നു എന്നായിരുന്നു അങ്ങയുടെ മറുപടി. 352 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും സെലക്ട് ചെയ്ത് 21 പേരെ വച്ചുകൊണ്ടു നടത്താൻ പോകുന്നു. ഇത് പഞ്ചായത്തുകളും കുടുംബശ്രീയുമായി ഒന്നിച്ചു ചേർന്നുകൊണ്ട്, സംയുക്തമായി ഓരോ പഞ്ചായത്തും വളരെ വിപുലമായി ഈ പദ്ധതി കൊണ്ടുപോകുന്നതിന് തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഈ അടുത്ത കാലത്ത് കേരളത്തിലെ പദ്ധതികളിൽ കുടുംബശ്രീ ഏറ്റെടുത്ത പദ്ധതികളാണ് വിജയകരമായി കണ്ടത്. അതുകൊണ്ടാണ് കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ഇത് നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്. തുടക്കം എന്ന നിലയിലാണ് ഇത് തുടങ്ങിയിരിക്കുന്നത്. ഈ സ്കീം വിജയമെന്ന് കണ്ടാൽ ഇത് സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, സാങ്കേതിക പരിജ്ഞാനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ ക്കാരെ കണ്ടെത്തിക്കൊണ്ടുതന്നെ, അങ്ങ് നേരത്തെ സൂചിപ്പിച്ചു, ആദ്യം സർവ്വേ നട ത്തിയതുതന്നെ ഒരു കാലത്തും ഇവരെ സഹായിച്ചിട്ടില്ലാത്ത ബാങ്കുകളുടെ പ്രതിനിധികളെ വച്ചുകൊണ്ടാണ്. പത്ത് പതിനയ്യായിരം പേർക്ക് ഇപ്പോൾ കമ്പ്യൂട്ടർ പരിശീലനവും ഡ്രൈവിംഗ് പരിശീലനവും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി യെക്കുറിച്ച് പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികളൊന്നും തന്നെ അറിയുന്നില്ല. പഞ്ചായത്തു കളെ നോഡൽ ഏജൻസിയായി നിർത്തിക്കൊണ്ട് ഈ പദ്ധതി വിപുലമായി നടപ്പിലാ ക്കാൻ തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇപ്രകാരമുള്ള ക്ലബ്ബുകൾ രൂപീകരിച്ചിട്ട് അഞ്ചാറ് മാസമേ ആയിട്ടുള്ളൂ. ഇത് വിജയമെന്ന് തോന്നുന്നപക്ഷം പടിപടിയായി നഗരവാ സികൾക്ക് സേവനം നൽകുക മാത്രമല്ല ഗ്രാമവാസികൾക്കും സേവനം ആവശ്യ മുണ്ടെങ്കിൽ സർവേ നടത്തി അവിടേക്കുകൂടി എക്സ്റ്റൻഡ് ചെയ്യാൻ പറ്റുമെങ്കിൽ അതി നുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഗ്രാമങ്ങളിലേക്ക് കൊണ്ടുപോകേണ്ട എന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഇപ്പോൾ ധാരാളം പണം വന്നുപെട്ടതുകൊണ്ട് പല പരിപാടികളും ആവിഷ്ക്കരിക്കാൻ ഈ വകുപ്പിന് കഴിയും. അതുപയോഗിച്ചുകൊണ്ട് ഈ ക്ലബ്ബ് രൂപീകരിക്കാൻ നിശ്ചയി ച്ചിരിക്കുന്ന മാനദണ്ഡം, ഐ. ടി. സി./ഐ. ടി. ഐ. പാസ്സായ പത്ത് വീതം ആളുകളെ ചേർത്ത് ക്ലബ്ബ് രൂപീകരിക്കുക എന്നുള്ളതാണ്. ഇങ്ങനെ രൂപീകരിക്കുന്ന ക്ലബ്ബുകളിൽ വന്നിരിക്കുന്ന ആക്ഷേപം, ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളുകൾക്ക് മാത്രമാണ് ഈ ക്ലബ്ബുകൾ രൂപീകരിക്കാൻ അനുമതി കൊടുക്കുന്നതെന്നാണ്. ഇങ്ങനെ യുള്ള ആക്ഷേപത്തിനിടകൊടുക്കാത്ത വിധത്തിൽ വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ക്ലബ്ബ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ട് എസ്. സി./എസ്. ടി. വിഭാഗത്തിലുള്ളവർക്ക് എല്ലാം ആശാകേന്ദ്രമായ ഈ പദ്ധതി എല്ലാ വിഭാഗങ്ങൾക്കു മായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇതിന്റെ സെലക്ഷനിൽ ഞാൻ ഇടപെട്ടിട്ടേയില്ല. സെലക്ഷന്റെ കാര്യത്തിൽ പൂർണ്ണമായ സ്വാതന്ത്ര്യം ബന്ധപ്പെട്ടവർക്കുതന്നെയാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രയോജനം കിട്ടണം എന്നുള്ളതല്ലാതെ രാഷ്ട്രീയമായ യാതൊരു ലക്ഷ്യവുമില്ല. ഭാവിയിലും ഇതുതന്നെയായിരിക്കും ഉദ്ദേശ്യം.

ശ്രീ. സി. പി. മുഹമ്മദ്: 1-7-2002-ലെ കണക്ക് പ്രകാരം കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതിക്കാരുടെ എണ്ണം 2486 മാത്രമാണ്. Job Club എന്നത് നല്ലൊരു ആശയമാണ്. പക്ഷെ ഈ മേഖലയിൽ ജോലി ചെയ്യുന്ന ഇതര സമുദായങ്ങളിൽപ്പെട്ടവർ സാങ്കേതിക ബിരുദമുള്ളവരല്ല. എസ്. എസ്. എൽ. സി. വരെ പഠിച്ചവരും ഇതുപോലെയുള്ള സ്ഥാപനങ്ങളിൽ പരിശീലനം നേടിയവരുമാണ് ഈ ജോലി ചെയ്യുന്നത്. പല തസ്തികകൾക്കും പട്ടിക ജാതിയിൽപ്പെട്ട സാങ്കേതിക യോഗ്യതയുള്ളവരെ കിട്ടാത്ത പരിതസ്ഥിതിയിൽ അവരുടെ സർവ്വേ ഗവൺമെന്റ് നട ത്തിയിട്ടുണ്ടോ; പട്ടികജാതിയിൽപ്പെട്ട എസ്. എസ്. എൽ. സി. വരെ പഠിച്ച യുവാക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

stipend കൊടുത്ത് ഈ മേഖലയിൽ തൊഴിൽ ചെയ്യാൻ വേണ്ട പരിശീലനം നൽകാൻ തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഐ. റ്റി. ഐ., ഐ. റ്റി. സി. പാസ്സായിട്ടുള്ളവർക്ക് രണ്ട് വർഷക്കാലത്തേയ്ക്ക് പ്രാക്ടീസിനുള്ള ഒരു സ്കീം ഇപ്പോൾതന്നെ ഈ വകുപ്പിലുണ്ട് പക്ഷെ എസ്. എസ്. എൽ. സി. പാസ്സായിട്ടുള്ളവർക്കൊക്കെ പെട്ടെന്ന് ജോലി കൊടുക്കുക എന്നത് അസാദ്ധ്യമാണല്ലോ, നമുക്ക് ശ്രമിക്കാം. അഭ്യസ്തവിദ്യരായിട്ടുള്ള മുഴുവൻ യുവതീയുവാക്കൾക്കും ജോലി കൊടുക്കണമെന്നുതന്നെയാണ് സർക്കാരിന്റെ ആഗ്രഹം. സർക്കാർ ഡിപ്പാർട്ട്മെന്റിൽ ജോലി കിട്ടാനുള്ള സാദ്ധ്യത ഇല്ലാത്തതുകൊണ്ടാണ് സ്വയം തൊഴിൽ എന്ന രീതിയിൽ ഈ സേവന രംഗത്ത് തൊഴിൽ സാദ്ധ്യത കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: നല്ലൊരു ആശയമാണ് ഇപ്പോൾ പ്രഖ്യാപിച്ച ഈ പദ്ധതി. കുറ്റമറ്റരീതിയിൽ അതിന്റെ ക്ലബ്ബുകൾ രൂപീകരിക്കുമെന്ന് അങ്ങ് ഇവിടെ പറഞ്ഞത് വച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്. പഞ്ചായത്തുകളിലും വാർഡ് തലത്തിലും കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെടുത്തികൊണ്ടാണ് ഈ ക്ലബ്ബുകളുടെ തുടർന്നുള്ള പരിപാടികൾ എന്നതുകൊണ്ട് ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളത് നമ്മുടെ കാർഷിക മേഖലയിൽ തന്നെയാണ്. സാദ്ധ്യതകൾ കൂടുതൽ വരുന്നതും കാർഷിക മേഖലയിലാണ്. ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ ഇപ്പോൾ യന്ത്രവൽകൃത കൃഷി രീതികളാണ്. നെൽപ്പാടങ്ങളിൽ കൊയ്ത്തായാലും ഞാറ് നടുന്നതുൾപ്പെടെ അത്തരം രീതികൾ സാങ്കേതിക പരിശീലനത്തിന്റെകൂടി ഭാഗമായതുകൊണ്ട് ഐ. റ്റി. ഐ., ഐ. റ്റി. സി. എന്ന് വയ്ക്കാതെ നല്ല manpower-ഉം അദ്ധ്വാനിക്കാൻ കഴിവുമുള്ള യുവതീയുവാക്കളെ തെരഞ്ഞെടുത്ത് അവരെ യന്ത്രവൽകൃത രീതിയിലുള്ള ഇത്തരം കൃഷി രീതികൾ പഠിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ പരിശീലന പദ്ധതികൾ ഈ ക്ലബ്ബിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾ തുടക്കമെന്ന നിലയിൽ ഞങ്ങൾ പട്ടണങ്ങളിലാണ് സർവ്വേ നടത്തിയത്. ഞങ്ങൾ കണ്ടെത്തിയതിൽ 55 ശതമാനം ആളുകൾ പ്ലമ്പിംഗ് പണി വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ചെറിയ കാർപ്പെന്ററി പണികൾ 46.9 ശതമാനം ആളുകൾ അതുപോലെ മേസ്തിരി പണി , ഇലക്ട്രിക് റിപ്പയർ, ഗ്യാസ് സ്റ്റൗ, കുക്കിംഗ് റെയ്ഞ്ച് എന്നിവയുടെ വൃത്തിയാക്കലും റിപ്പയറിംഗും, ഇസ്തിരിപ്പെട്ടി റിപ്പയർ, ഗേറ്റ് പെയിന്റിംഗ്, വാഹനങ്ങൾ കഴുകൽ, ഇന്റീരിയർ ഡെക്കറേഷൻ, ബില്ലുകളും മറ്റും അടയ്ക്കുക, പൂന്തോട്ട നിർമ്മാണം തുടങ്ങിയുള്ള ജോലി സാദ്ധ്യതയുള്ള സേവന മേഖലയാണ് സർവ്വേയിൽ കണ്ടെത്തിയത്. ഇത് പട്ടണങ്ങളിലാണ്. ഭാവിയിൽ നമുക്ക് ഗ്രാമങ്ങളിലേക്ക് ഇത് എക്സ്റ്റന്റ് ചെയ്യുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ എന്തൊക്കെയാണ് തൊഴിൽ അവസരങ്ങളെന്ന് ഇതുപോലെ സർവ്വെ നടത്തി കണ്ടുപിടിക്കണം. ഗ്രാമങ്ങളിൽ എന്തൊക്കെ തൊഴിൽ സാദ്ധ്യതകളുണ്ടെന്ന് നമുക്ക് ഇന്ന് അറിയില്ല. ഒരു സർവ്വേയിലൂടെ കണ്ടുപിടിച്ചതിനുശേഷം നോക്കാം. അതിനുവേണ്ടി ഒരു കമ്പ്യൂട്ടറൈസ്ഡ് തയ്യാറാക്കുകയാണ്. ഇപ്പോൾതന്നെ നൂറിൽ ചിലാനം വീടുകളിൽ കയറിയിറങ്ങിയാണ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ നടത്തിയത്. ഇതുപോലെ ഗ്രാമങ്ങളിലും ആവിഷ്ക്കരിക്കുമ്പോൾ അവിടെയും സർവ്വേ നടത്തും. ആ ഗ്രാമത്തിൽ എന്താണോ തൊഴിൽ സാദ്ധ്യതയുള്ളത് ആ സാദ്ധ്യത ചൂഷണം ചെയ്യാൻ വേണ്ടി ഒരു ശ്രമം നടത്തുകയും ചെയ്യും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, Entrepreneur skill-ഉം അതിലൂടെ ടാലന്റും ഡെവലപ്പ് ചെയ്യുകയാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം എന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടി ഗവൺമെന്റ് കൊടുക്കുന്ന അലോട്ട്മെന്റിൽ പലതും ബിനാമി നെയിമിൽ പോവുകയാണ്. ഏതെങ്കിലും ഒരു വ്യക്തിയുടെ പേരും മേൽവിലാസവും മുൻപിൽ വയ്ക്കും. Entrepreneur talent ഉണ്ടായിരുന്നുവെങ്കിൽ നിശ്ചയമായിട്ടും അവർ തന്നെ ഇത് കൊണ്ടുനടക്കുമായിരുന്നു.. അതുകൊണ്ട് ഇങ്ങനെയുള്ള ബിനാമി രൂപത്തിൽ പോകുന്നത് തടയുന്നതിന് വേണ്ടി ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. പെട്രോൾ ബങ്ക് ഏജൻസിയായാലും കുക്കിംഗ് ഗ്യാസ് ഏജൻസിയായാലും ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ വാടകയ്ക്ക് കൊടുക്കുന്നതായാലും രേഖയിൽ പട്ടികജാതിക്കാരനാണെങ്കിൽ പോലും അത് കൈകാര്യം ചെയ്യുന്നത് മറ്റുള്ള ആളുകളാണെന്നുള്ളത് യാഥാർത്ഥ്യമാണ്. കേസ് കൊടുക്കാൻ നിർവ്വാഹമില്ല. യഥാർത്ഥത്തിൽ പട്ടിക വിഭാഗത്തിൽപ്പെടുന്ന ആളുകൾക്ക് സ്വയം തൊഴിൽ സംരംഭകത്വമില്ല. entrepreneurship ഇല്ല. അത് ഉണ്ടാക്കുകയാണ് ആവശ്യം. ആ ശ്രമം നമ്മളിപ്പോൾ തുടങ്ങിയിട്ടുണ്ട്.

ശ്രീ. ടി. പി. എം. സാഹിർ: സർ, അങ്ങ് ഇപ്പോൾ മറുപടി നൽകിയതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പേര് ചൂഷണം ചെയ്ത് ഒരുപാട് സംഗതികൾ മറ്റുള്ളവർ തട്ടിയെടുക്കുന്നു എന്ന് കണ്ടു. പട്ടികജാതി കോർപ്പറേഷന്റെ പേരിൽ ഒരു സ്ഥാപനം ആരംഭിച്ച് ഉപഭോക്താക്കളെ കോർപ്പറേഷൻ തെരഞ്ഞെടുക്കുന്ന സിസ്റ്റമാക്കിയാൽ അതിന് ഒരു അറുതി വരും. അതിന് നടപടിയെടുക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: തൊഴിൽ സംരംഭകർക്ക് ഇതിനകത്ത് പങ്കാളിത്ത ബോധമുണ്ടാകണം. ഇപ്പോൾ ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കോടികൾ മുടക്കി ട്രാൻസ്പോർട്ട് സൊസൈറ്റിയുണ്ടാക്കി. ഏതാണ്ട് എല്ലാം അടച്ചുപൂട്ടി. അതിന് കാരണം എനിക്ക് തോന്നുന്നത്, തൊഴിൽ സംരംഭകർക്ക് ഇതിനകത്ത് വേണ്ടത്ര പങ്കാളിത്തം ഇല്ലാത്തതുകൊണ്ടായിരിക്കാം. അപ്പോൾ സർക്കാരോ കോർപ്പറേഷനോ മാത്രം പണം മുടക്കിയാൽ തങ്ങളുടേതാണെന്ന തോന്നൽ ആളുകൾക്ക് ഉണ്ടാകില്ല. അതുകൊണ്ട് തങ്ങളുടേതാണെന്ന തോന്നൽ ഉണ്ടാകണമെങ്കിൽ അവർ ഇതിനകത്ത് മുതൽ മുടക്കണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. അല്ലെങ്കിൽ വീണ്ടും പരാജയപ്പെട്ട് പോകും. അതിനുപുറമേ പരിശീലനവും ആവശ്യമുണ്ട്.

Mr. Speaker: Sri Sahir, you can ask questions only through me. You cannot directly address the Minister. മനസ്സിലായല്ലോ.

ശ്രീ. ബിനോയ് വിശ്വം: സർ, ഈ പദ്ധതി വളരെ മാതൃകാപരമാണ്. പക്ഷേ കാർ കഴുകാനും തോട്ടം നന്നാക്കാനും പ്ലമ്പിംഗ് നടത്താനും റിപ്പയർ ചെയ്യാനുമുള്ള ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ വേണ്ടിയുള്ള യോഗ്യതയിൽ പ്രസംഗ പരിശീലനം എന്തിന് ഉൾപ്പെടുത്തി എന്ന് എനിക്ക് മനസ്സിലാകുന്നില്ല. 352 പേരിൽ 21 പേരെയാണ് എടുത്തിരിക്കുന്നത്. പ്രസംഗിക്കാൻ ശീലമുള്ള ആൾക്കാരെ എടുക്കണമെന്നുള്ള ഒരു ക്വാളിഫിക്കേഷൻ വച്ചത് ഏതെങ്കിലും നിക്ഷിപ്ത താൽപ്പര്യം വച്ചാണോയെന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ആളുകളെ സെലക്ട് ചെയ്യുമ്പോൾ അവർ മിടുക്കരായിരിക്കണമെന്ന നിർബന്ധമുണ്ട്. ഉദാഹരണമായി ഒരു വീട്ടിൽ ചെന്നാൽ നന്നായി പെരുമാറാൻ പഠിക്കണം. ആളുകളെ സ്വാധീനിക്കാൻ പഠിക്കണം. നല്ല പി. ആർ. ഒ.-മാരാകണം. എസ്. സി./എസ്. ടി.-യിൽപ്പെട്ട പലർക്കും സംസാരിക്കാൻ അറിയില്ല. പെരുമാറാൻ അറിയില്ല. അതൊക്കെ പഠിപ്പിക്കാനാണ് ഉദ്ദേശിച്ചത്. നാളെ ഒരു വീട്ടിൽ ചെന്നാൽ മോശമായി പെരുമാറാൻ പറ്റില്ലല്ലോ; നല്ല പെരുമാറ്റം ഉണ്ടാകണ്ടേ? അതുകൊണ്ട് ..... (ബഹളം) .....

മി. സ്പീക്കർ: അവർ മാത്രമല്ല, എല്ലാവർക്കും പെരുമാറാൻ അറിയണം.

ഡോ. എം. എ. കുട്ടപ്പൻ: അവർക്ക് കൊടുത്തത് transactional analysis ആണ്. അതായത് വ്യക്തിബന്ധ അപഗ്രഥനം. ഈ സ്കീം വിജയിക്കണമെന്ന് നിർബന്ധമുണ്ട്. അതുകൊണ്ട് ട്രെയിനിംഗ് കൊടുത്തുവെന്ന് മാത്രമേയുള്ളൂ.

ശ്രീമതി മാലേത്ത് സരളാദേവി: സർ, തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുമെന്ന് പറഞ്ഞത് വളരെയധികം സ്വാഗതാർഹമാണ്. പക്ഷെ ഈ തൊഴിൽ ക്ലബ്ബുകൾ ഉണ്ടാക്കുന്നതിന് മുൻപായിട്ട് ഓട്ടോറിക്ഷയൊക്കെ സ്വയം തൊഴിൽ രംഗത്ത് എടുത്ത കുറെ കുട്ടികളുണ്ടായിരുന്നു. അവർക്ക് ഗ്യാരന്റി നൽകാൻ രണ്ട് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ കിട്ടാതെ വന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട സർക്കാർ ഇതിന് ഒരു നിയമ ഭേദഗതി വരുത്താൻ തയ്യാറാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഓട്ടോറിക്ഷ പോലെയുള്ള വാഹനങ്ങൾ സ്വയം തൊഴിലിന് കൊടുക്കുമ്പോൾ അതിന് ഗ്യാരന്റി ആവശ്യമുണ്ട്. പലപ്പോഴും സംഭവിക്കുക, surety നിന്ന ആളുകളിൽ നിന്ന് ഈ പണം തിരിച്ച് പിടിക്കുന്നു. വായ്പയെടുത്ത് ആളുകൾക്ക് മടക്കി അടക്കാൻ കഴിയാതെ പോകുന്നതുകൊണ്ട് surety നിന്ന ആളുകളുടെ കയ്യിൽ നിന്നാണ് വസൂലാക്കുന്നത്. അതുകൊണ്ട് ഇപ്പോൾ സംഭവിക്കുന്നത്, ഇങ്ങനെയുള്ള കേസുകളിൽ ഉദ്യോഗസ്ഥൻമാർ ജാമ്യം നിൽക്കാൻ മടിക്കുകയാണ്. ഇങ്ങനെ നമുക്ക് കിട്ടുന്ന പണമാകട്ടെ, ദേശീയ പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്ന് എടുക്കുന്ന വായ്പയാണ്. അപ്പോൾ നമുക്കിത് ഫ്രീയായിട്ട് കൊടുക്കാൻ കഴിയില്ല. Repayment നിർബന്ധമാണ്. കിട്ടിയേ പറ്റുകയുള്ളൂ. അതുകൊണ്ട് ഗ്യാരന്റി ആരെങ്കിലും നിന്നേ പറ്റൂ. വേറെ വഴിയില്ല.

ശ്രീ. മത്തായി ചാക്കോ: സർ, പട്ടണങ്ങളിൽ ഇപ്പോൾ തന്നെ We help, We serve A to Z തുടങ്ങിയ സംരംഭങ്ങൾ നിലവിലുണ്ട്. അതെല്ലാം പ്രായോഗികമായി വിജയിച്ചുവെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. അതുകൊണ്ട് തൊഴിൽ ക്ലബ്ബുകൾ എന്നുള്ള ആശയം നല്ലതാണ്. അത്തരം തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുമ്പോൾ, ഗ്രാമ നഗര വ്യത്യാസമില്ലാതെ ഇപ്പോൾ ഒരു തൊഴിൽ മേഖല എന്നു പറയുന്നത് കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ മേഖലയാണ്. ആ കെട്ടിട നിർമ്മാണ മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകാനുള്ള ഒരു പദ്ധതി ഈ തൊഴിൽ ക്ലബ്ബുകളോട് അനുബന്ധിച്ചുകൊണ്ട് സംഘടിപ്പിക്കുമോ; ഇതിനാവശ്യമായിട്ടുള്ള ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കാൻ വേണ്ടി സന്നദ്ധമാകുമോ?

ഡോ. എം. എ. കുട്ടപ്പൻ: അടുത്ത ഘട്ടമെന്നുള്ള നിലയിൽ അത് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഐ. റ്റി. ഐ., പെ. റ്റി. സി. പഠിച്ചാലും പ്രായോഗിക പരിശീലനം കിട്ടിയാൽ മാത്രമേ ഇത്തരം സ്ഥാപനങ്ങൾ വിജയിക്കുകയുള്ളൂ. അതിന് പ്രാപ്തരാകുന്നത് വരെ ഓരോ സ്ഥാപനത്തിലും എക്സ്പേർട്ട്സായിട്ടുള്ള മാസ്റ്റർ ടെക്നീഷ്യൻസിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ഇപ്പോൾ അടിയന്തിരമായതുകൊണ്ടും രണ്ട് മാസം കൊണ്ട് ഇവരെ എക്സ്പേർട്ട്സ് ആക്കണമെന്നുള്ളതു കൊണ്ടും തിരുവനന്തപുരത്ത് തന്നെയുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ അവർക്ക് ക്രാഷ് ട്രെയിനിംഗ് കൊടുത്തു കൊണ്ടിരിക്കുകയാണ്. ഇവർക്ക് നിരന്തരമായ പരിശീലനം കിട്ടാൻ അതിൽ ഏറ്റവും മെച്ചപ്പെട്ട സേവനം ലഭിച്ചുവെന്ന് ഉറപ്പ് വരുത്താനുള്ള പരിശീലനം നൽകുന്നതാണ്. നല്ല സേവനം നൽകിയാൽ ഒരു സംശയവുമില്ല ധാരാളം ജോലി കിട്ടുകയും ചെയ്യും. സേവനം മോശമായാൽ പണി ഇല്ലാതായെന്ന് വരാം. അതുകൊണ്ട് മെച്ചപ്പെട്ട സേവനം നഗരവാസികൾക്ക് നൽകാൻ വേണ്ടി ഇവർക്ക് ഇടയ്ക്കിടയ്ക്ക് പരിശീലനം നൽകുന്നുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കോഴിക്കോട് ആരംഭിച്ച ഐ. ടി. സി. നേരത്തെ പ്രൊഡക്ഷൻ സെന്ററായിരുന്നു. ഇപ്പോൾ അത് ട്രെയിനിംഗ് സെന്ററായി, ഈ യൂത്ത് ക്ലബ്ബുകൾക്ക് പ്രവർത്തിക്കാനും പ്രൊഡക്ഷനുള്ള സൗകര്യം കൊടുക്കാനും ഈ കേന്ദ്രങ്ങൾക്ക് അനുവാദം കൊടുക്കാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, നേരത്തേ അതൊക്കെ Production -cum -Training Centre ആയിരുന്നു. അത് പഴയ ട്രേഡിലായിരുന്നു. ഇപ്പോൾ അതൊക്കെ മാറിട്ട് ആധുനിക ട്രേഡുകളായ പ്ലമ്പിംഗ്, മേസ്തിരി , ഇലക്ട്രിക് ഇവ കൊടുത്തു കൊണ്ടിരിക്കുകയാണ്. ആ ഐ. ടി. സി. പാസ്സായ ശേഷം ഏതെങ്കിലും സ്വകാര്യ കമ്പനികളിലോ സർക്കാർ സ്ഥാപനത്തിലോ തന്നെ പ്രതിമാസം ആയിരം രൂപ കൊടുത്തുകൊണ്ട് അവർക്കിപ്പോൾ തന്നെ അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യം ഏർപ്പാട് ചെയ്തിട്ടുണ്ട്. അങ്ങനെ പരിശീലനം പൂർത്തിയാക്കാനും സ്വകാര്യ മേഖലയിൽ എവിടെയെങ്കിലും ജോലി കണ്ടെത്താനും സാധിക്കും.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ക്ലബ്ബുകൾ ആരംഭിച്ചത് എന്തുകൊണ്ടും നന്നായി, അത് വിജയിക്കട്ടെ. ഒപ്പം കാട്ടിലെ മക്കൾ നാട്ടിൽ വന്നു സാങ്കേതിക പരിശീലനം നേടുകയും പരിശീലനം നേടിയതിനുശേഷം നാട്ടിൽ ജോലിയില്ലാതെ കാട്ടിലേക്ക് തിരിച്ച് പോവുകയും ചെയ്തപ്പോൾ അവരുടെ കൂട്ടായ്മയിലൂടെ ഈ ക്ലബ്ബുകൾ രൂപീകരിക്കുകയും അവർക്ക് തൊഴിൽ സാദ്ധ്യതകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് എസ്. ടി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് കൂടെ, പറമ്പിക്കുളം പോലുള്ള കാട്ടുമേഖലയിൽ മുൻഗണന കൊടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇതൊരു ആദ്യ ഘട്ടമാണ്. പടിപടിയായി ഗ്രാമങ്ങളിലേക്കും അതുപോലെ ആദിവാസികൾ പാർക്കുന്ന വനത്തിന് സമീപത്തുമാണ് ആഗ്രഹിക്കുന്നത്. ഇതൊന്നും നിർത്താൻ ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് സ്വകാര്യ മേഖലയിൽ നമ്മൾ പ്രിയദർശിനി ബസ് തുടങ്ങി. അതു പരാജയപ്പെട്ട അനുഭവം വരാതിരിക്കണമെങ്കിൽ ഇപ്പോൾതന്നെ നല്ല ഇടപെടൽ ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഇത് കുടുംബശ്രീയുമായിട്ട് ബന്ധപ്പെട്ടതാണെന്ന്. കുടുംബശ്രീയുമായിട്ട് ബന്ധപ്പെടുത്താൻ പറ്റിയ സ്കീമല്ല ഇത്. കുടുംബശ്രീയെന്നു പറഞ്ഞുകഴിഞ്ഞാൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകളുടെ ഉന്നമനവുമായി ബന്ധപ്പെട്ട സ്കീമാണ്. ഇതിനെ അതിൽ ഉൾപ്പെടുത്തരുത്. അത് വിജയിക്കുകയില്ല. ഇതിൽ എസ്. ജി. എസ്. വൈ. അതാണ് ഏറ്റവും ഫലപ്രദമായത്. നമ്മുടെ പഴയ ഐ. ആർ. ഡി. പി.. ജെ. ആർ. വൈ. സ്കീമുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഫലപ്രദമായിട്ടാണ് എസ്. ജി. എസ്. വൈ. കണക്ട് ചെയ്യേണ്ടത്. രണ്ടാമത്തെ കാര്യം ഇപ്പോൾ 5 ലക്ഷം രൂപ കൊടുക്കുമെന്ന് മന്ത്രി പറയുന്നു. അതിൽ മൂന്നേകാൽ ലക്ഷം രൂപ വകുപ്പും 1.64 ലക്ഷം രൂപ ബാങ്കുമാണ്. ഇതിൽ ബാങ്കിന്റെ ആ ഭാഗം ഒഴിവാക്കുന്നതാണ് നല്ലത്. ബാങ്കുമായി ഇത് ഒരു രൂപത്തിലും ടൈഅപ് ചെയ്യരുത്. പരിപാടി പൊളിയും. പ്രായോഗികമായിട്ടുള്ള നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറയുന്നത്. അതുകൊണ്ട് വകുപ്പ് മന്ത്രി ഈ സ്കീമിന് രൂപം കൊടുക്കുന്ന സമയത്ത് ഇത് കുടുംബശ്രീയിൽ നിന്ന് മാറ്റുന്നതിനും ബാങ്കുമായി കണക്ട് ചെയ്യുന്നതിനുള്ള ആ ഭാഗം ഒഴിവാക്കുന്നതിനുമുള്ള ശ്രമം നടത്തിയാലേ ഇത് വിജയിക്കൂ. ആ രൂപത്തിൽ ഇത് മോഡിഫൈ ചെയ്യുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, തൊഴിലിന് പോകുന്ന ആളിന് സമ്പാദ്യശീലമുണ്ടാകണം. എല്ലാം ഗ്രാന്റ് കൊടുത്താൽ ഒരു പക്ഷെ സമ്പാദ്യ ശീലം ഉണ്ടായിയെന്നു വരികയില്ല. അല്പം സമ്പാദിച്ച് കടമൊക്കെ വീട്ടി ഒരു ഘട്ടം കഴിയുമ്പോൾ സ്വന്തം കാലിൽ നിൽക്കും. അല്ലാതെ കല്പാന്ത കാലത്തോളം സർക്കാർ ഗ്രാന്റ് കൊടുത്തു നിർത്താൻ സാധ്യമല്ല. അതുകൊണ്ട് സമ്പാദ്യശീലം വളർത്തി കുറെ സമ്പാദ്യം ഉണ്ടാക്കി കടം തീർത്ത് നാളെ അവൻ സ്വന്തം കാലിൽ നിൽക്കണം. ആ ഫിലോസഫിയാണ് ഇതിലുള്ളത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, കഴിഞ്ഞ കാലത്ത് നമ്മുടെ ഗവൺമെന്റുകളുടെ സ്തുത്യർഹമായ പ്രവർത്തനം കൊണ്ട് ഈ വിഭാഗം ജനങ്ങൾ വളരെ മെച്ചപ്പെട്ടിട്ടുണ്ട് പറന രംഗത്ത്. പക്ഷെ പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നതുപോലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇൻകം ജനറേറ്റ്സ് സ്കീം ആവിഷ്കരിക്കാൻ വേണ്ടി ക്ലബ്ബുകൾ രൂപീകരിക്കാൻ അങ്ങ് ശ്രമിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇത് പരിഗണനയിലുണ്ട്.

ശ്രീ. എം. കുമാരൻ: സർ, മൾട്ടി പർപ്പസ് ജോബ് ക്ലബ് എന്ന ഒരു പുതിയ

LIBRARY ARCHIVES Kerala Legislative Assembly

സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. ഈ തുടക്കം കുറിക്കുന്ന സമയത്തുതന്നെ അതിൽ ഒരു വിവേചനം കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികജാതി വർഗ്ഗക്ഷേമ വകുപ്പു മന്ത്രി പട്ടികജാതിയിൽപ്പെട്ടവർക്ക് മാത്രമായി ഈ സംരംഭം ചുരുക്കിയിരിക്കുകയാണ്. എന്റെ ചോദ്യം ഈ സംവിധാനങ്ങൾ ഈ വ്യവസ്ഥയിൽ ചെയ്യാൻ തയ്യാറായിരിക്കുന്ന യുവതി യുവാക്കൾക്ക് അവരുടെ വേതനം നിശ്ചയപ്പെടുത്താനും അത് ഏത് രീതിയിലാണ് കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇതിന് പ്രത്യേകമായിട്ടുള്ള വേതനം കൊടുക്കുന്നില്ല. ഇപ്പോൾ പരിശീലന കാലം ക്രാഫ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പരിശീലനം പൂർത്തിയാക്കി ക്ലബ്ബുകൾ ആരംഭിച്ചാൽ വരുമാനം അവർ തന്നെ ഉണ്ടാക്കണം. ഒരു വീട്ടിൽ ഏതൊരു സംവിധാനത്തിലും പണിയെടുക്കുമ്പോൾ മിതമായ നിരക്ക്, ഒരു കൂലി നിശ്ചയിക്കും. അത് ആ വീട്ടിൽ നിന്ന് വാങ്ങണം. അങ്ങനെ ലാഭം ഉണ്ടാക്കണം. അല്ലാതെ സർക്കാരിന് ശമ്പളം കൊടുക്കാൻ പറ്റുകയില്ല. സ്വയം തൊഴിൽ കണ്ടെത്തണം.

ശ്രീ. വി. ഡി. സതീശൻ: സർ, പട്ടികജാതി യുവാക്കൾ ഉൾപ്പെടെയുള്ള നമ്മുടെ യുവാക്കൾ തുടങ്ങുന്ന സ്വകാര്യ സംരംഭങ്ങളെല്ലാം അടച്ചു പൂട്ടുകയാണ്. ഇതിന്റെ പ്രധാനപ്പെട്ട കാരണമായി സർവ്വേ റിപ്പോർട്ടിൽ വെളിപ്പെട്ടത് ഇതിന്റെ മണി മാനേജ് മെന്റാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. മാർക്കറ്റ് എന്താണെന്ന് പരിശോധിക്കാതെ, ക്യാപ്പിറ്റൽ എന്താണെന്ന് നോക്കാതെ, യാതൊരു നിയന്ത്രണവും ഇല്ലാതെ ചെലവ് ചെയ്യുകയാണ്. ഇത് നിയന്ത്രിക്കാൻ വേണ്ടിയിട്ടുള്ള കർശനമായ ട്രെയിനിംഗ് അവർക്ക് കൊടുക്കാനും അതുപോലെതന്നെ വളരെ നിർബന്ധമായും മോണിട്ടർ സംവിധാനം ഈ തൊഴിൽ ക്ലബ്ബുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്താനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇവർക്കുവേണ്ടി ഇപ്പോൾ തന്നെ അക്കൗണ്ടിംഗ് പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. ഇനിയും കൂടുതൽ പരിശീലനം കൊടുക്കുകയും ചെയ്യാം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തൊഴിൽ ക്ലബ്ബുകൾ നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കുന്നതും തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതും നല്ല കാര്യമാണ്. അതിലെ ഒരു പ്രശ്നം 1,62,000 രൂപ ബാങ്ക് വായ്പയായിട്ടാണ് കൊടുക്കുന്നത്. ഇങ്ങനെ ബാങ്ക് വായ്പയായി 1,62,000 രൂപ കൊടുക്കുമ്പോൾ അത് പലിശയോടു കൂടി തിരിച്ചടയ്ക്കേണ്ടതാണ്. ഇവിടെ സംഭവിക്കുന്നത് തൊഴിൽ ക്ലബ്ബുകൾ രൂപീകരിച്ചാൽ മാത്രം പോരാ. ആ തൊഴിൽ ക്ലബ്ബുകളിൽ അംഗങ്ങളായിട്ടുള്ള ആളുകൾക്ക് തൊഴിൽ ഉറപ്പു വരുത്തുക എന്ന ഒരു പ്രക്രിയ കൂടി ആവശ്യമാണ്. ഇതിനുവേണ്ടി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രവും ജില്ലകളിലുള്ള നിർമ്മിതി കേന്ദ്രങ്ങളും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഇത്തരത്തിൽ തൊഴിൽ ക്ലബ്ബുകളിൽ അംഗങ്ങളായിട്ടുള്ള ആളുകളുടെ സേവനം ഉറപ്പാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇവർ പ്രാരംഭമെന്ന നിലയിൽ തൊഴിലവസരങ്ങൾ സാധാരണ നഗരവാസികളുടെ വീട്ടിൽ പോയി കണ്ടെത്തുകയാണ് ചെയ്യുന്നത്. നമ്മുടെ സർവ്വേയിൽ ഞാൻ നേരത്തേ പറഞ്ഞു, നല്ല സേവനം കിട്ടും. ഇപ്പോൾ ഞാൻ പറഞ്ഞ പോലത്തെ സേവനത്തിന് ആൾക്കാരെ കിട്ടാനില്ല. യോഗ്യതയുള്ള മെച്ചപ്പെട്ട ആൾക്കാരെ കിട്ടാനില്ല. ആ സേവനം കൊടുത്താൽ യാതൊരു സംശയവുമില്ല പണിയുണ്ടാകും. ഇവിടെ ബാങ്ക് വായ്പയെക്കുറിച്ച് പറയുകയുണ്ടായി. ഞങ്ങളുടെ ഈ ക്യാമ്പിൽ, ശിൽപ്പശാലയിൽ ക്ഷണിക്കാതെതന്നെ സെൻട്രൽ ബാങ്ക് റീജിയണൽ മാനേജർ ശ്രീ. പി. ജെ. മാത്യു വന്നു. അദ്ദേഹം ഇങ്ങോട്ട് വായ്പ ഓഫർ ചെയ്തിരിക്കുകയാണ്. ഈ സ്കീമിന്റെ ക്വാളിറ്റി കണ്ടിട്ട് ഇങ്ങോട്ട് ഓഫർ ചെയ്തതാണ്, ആ ഒരു സാഹചര്യമുണ്ട്. നന്നായി ചെയ്യുകയാണെങ്കിൽ നല്ല സഹായം ലഭിക്കും.

ശ്രീ. സി. മോയിൻകുട്ടി: സർ, ചരിത്രപരമായ കാരണങ്ങളാൽ കഴിഞ്ഞ നിരവധി പതിറ്റാണ്ടുകളായി ഈ വിഭാഗം യഥാർത്ഥ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായി തുടങ്ങിയിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ട് ഉല്പാദന മേഖലയിൽ പിസ്വർക്കോ മറ്റോ ആയി മുതൽ മുടക്കി പങ്കാളിത്തം നടപ്പാക്കിക്കൊണ്ടുതന്നെ ഈ വിഭാഗത്തെ ഉയർത്തുന്നതിനുവേണ്ടി വല്ല പുതിയ സംരംഭങ്ങളും ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഉല്പാദന മേഖലയിൽ ഇപ്പോൾതന്നെ ധാരാളം സ്കീമുകളുണ്ട്. ഇത് സേവനമേഖലയിലെ തൊഴിലവസരങ്ങളെപ്പറ്റിയാണ്. ഡൊമസ്റ്റിക് സർവ്വീസ് കൊടുക്കുകയെന്നുള്ളതാണ് സേവന മേഖലയിൽ ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഉല്പാദന മേഖലയിലെ നടപടികൊണ്ട് അത് നമുക്ക് ഫലപ്രദമായി ആലോചിക്കാം.

ശ്രീ. യു. സി. രാമൻ: സർ, എസ്. സി./എസ്. ടി. യുവാക്കൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന തൊഴിൽ ക്ലബ്ബ് എന്തുകൊണ്ടും അഭിനന്ദനം അർഹിക്കുന്നതാണ്. അതോടൊപ്പംതന്നെ നേരത്തെ തൊഴിൽ ലഭിച്ചുകൊണ്ടിരുന്ന എസ്. സി. യുവതി യുവാക്കൾക്ക് ഇന്ന് ഇത്തരം സംഘങ്ങൾ പൂട്ടിപ്പോയതുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട ഇത്തരം ആൾക്കാരെ സഹായിക്കാൻ ആവശ്യമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇപ്പോൾതന്നെ സഹകരണ വകുപ്പിന്റെ കീഴിൽ പട്ടികജാതിക്കാർക്ക് ഏതാണ്ട് 800-ലേറെ സൊസൈറ്റികളുണ്ട്. അതുപോലെ ആദിവാസികൾക്കുവേണ്ടിയുള്ള സൊസൈറ്റിയുമുണ്ട്. അതിൽ ആദിവാസി സൊസൈറ്റികൾ കുറെയൊക്കെ പിടിച്ചു നിൽക്കുന്നുണ്ട്. ഈ എസ്. സി. സൊസൈറ്റി പലതും മന്ദിഭവിച്ചിട്ടാണ്. ഏതായാലും ആ സൊസൈറ്റികളെ reactivate ചെയ്യാനുള്ള ഒരു സ്കീം സഹകരണ വകുപ്പുമായി ചേർന്നുകൊണ്ട് ശ്രമം നടത്തിവരികയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടിയിട്ടുള്ള തൊഴിൽ ക്ലബ്ബുകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. ഇതിനുവേണ്ടി ഇപ്പോൾ വളരെ തിരക്കേറിയ പട്ടണങ്ങളിലാണ് ഇതിന്റെ സെന്ററുകൾ 10 എണ്ണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ രണ്ടുമൂന്നെണ്ണമെങ്കിലും ഏറ്റവും അധികം പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന ഏറ്റവും അടുത്ത പട്ടണപ്രദേശം ഏതാണോ അത് സെലക്ട് ചെയ്ത് നടപ്പിലാക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. അതു പോലെ തന്നെ പട്ടികജാതി-പട്ടികവിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ടൗൺ പ്രദേശങ്ങളിൽ തൊഴിൽ കണ്ടെത്താൻ കഴിയുന്ന ഒരു മേഖല നിർമ്മാണ മേഖലയാണ്. ടൈൽ വർക്ക് അതുപോലെതന്നെ മൊസൈക്ക്, ഇന്റീരിലോക്ക് സിസ്റ്റം അതുപോലെയുള്ള വിപുലമായ മേഖലയുണ്ട്. ആ മേഖലയെക്കൂടെ ഇതിന്റെ ഭാഗമാക്കിക്കൊണ്ട് ഒരു പ്രവർത്തന പദ്ധതി ആവിഷ്കരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള ആളുകൾക്ക് വേണ്ടിയാണ് ഈ സ്കീം ആരംഭിച്ചിട്ടുള്ളത്. അതുപോലെ സ്മാർട്ടായുള്ള, സ്കിൽഡ് ആയിട്ടുള്ള ജോലി ചെയ്യാൻ പറ്റിയ ക്ലബ്ബ് ഉണ്ടാക്കുന്ന കാര്യം നമുക്ക് ആലോചിക്കാം. അത് ആലോചിക്കാവുന്നതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: ധാരാളം സ്കോപ്പുള്ളതായ എക്സ്പോർട്ടിംഗ് കമ്പനികൾ, തൊഴിലവസരം സൃഷ്ടിക്കുന്ന തൊഴിൽ ക്ലബ്ബുകൾ നമ്മുടെ രാജ്യത്ത് ട്രേഡിംഗ് ഉല്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; പട്ടികജാതി-പട്ടികവർഗ്ഗം ഉണ്ടാക്കുന്ന സാധനങ്ങൾ എക്സ്പോർട്ട് ചെയ്യാൻ നമുക്ക് നടപടി എടുത്തുകൂടേ; അതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഡോ. എം. എ. കുട്ടപ്പൻ: അത് നല്ല സ്വപ്നമാണ്. പക്ഷേ ആ രംഗത്ത് ഒരു പട്ടികജാതി-പട്ടികവർഗ്ഗക്കാരൻ പോലും കേരളത്തിലുള്ളതായി നമുക്ക് അറിഞ്ഞുകൂടാ. നമുക്ക് ആലോചിക്കാം. ഇങ്ങനെ പരിശീലനമുള്ള ഒറ്റയാൾപോലും ഈ രംഗത്തില്ല, ശ്രമം നടത്തും.

ശ്രീ. എം. വി. ജയരാജൻ: മുൻ സർക്കാരിന്റെ കാലത്ത് ഭരണപക്ഷ പ്രതിപക്ഷ നിയമസഭാ സാമാജികൻമാരും യുവജന സംഘടനാ പ്രതിനിധികളുമുള്ള ഒരു കമ്മിറ്റി ഉണ്ടായിരുന്നു. ആ കമ്മിറ്റി രണ്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിക്കുവാൻ എനിക്ക് അവസരം കിട്ടിയിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്ന ഒരു കാര്യത്തിൽ അന്നുതന്നെ ആ കമ്മിറ്റിയിൽ പ്രവർത്തിച്ചിരുന്ന ആളുകളുമായിട്ട് ചർച്ച നടത്തിയിരുന്നു. അതിൽ പറയുന്ന ഒരു കാര്യം, തൊഴിൽരഹിതരുടെ ഒരു പട്ടിക പ്രാദേശിക യുവജനസമിതികൾ തയ്യാറാക്കുക; എന്നിട്ട് അതിന് മേഖലയനുസരിച്ച് ഗ്രൂപ്പുകളായി വിഭജിക്കുക. ഞങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പോയതിന്റെ എക്സ്പീരിയൻസിൽ നിന്നാണ് നിർദ്ദേശം മുന്നോട്ടുവച്ചത്. എന്നിട്ട് ഒരു തൊഴിൽകൂട്ടം അഥവാ തൊഴിൽ നിര രജിസ്റ്റർ ചെയ്ത് പ്രാദേശിക യുവജനസമിതികൾ Youth Welfare Board-ലേക്ക് affiliate ചെയ്ത് ഇങ്ങനെ നമുക്ക് തൊഴിലവസരങ്ങൾ കൊടുക്കുവാൻ കഴിയും. ഇപ്പോഴുള്ള മുഖ്യ പ്രശ്നം ആ സമിതികൾ ചൂണ്ടിക്കാണിച്ചതുപോലെ result oriented ആയ നമ്മുടെ പല പദ്ധതികളും ഫിസിക്കൽ ടാർജറ്റിനായി പരിശ്രമിക്കുന്നില്ല. ചെലവു കഴിഞ്ഞാൽ ഉദ്യോഗസ്ഥൻമാരുടെ ചുമതല തീർന്നു എന്നുള്ളതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് ഡിസ്ക്കഷൻ നടത്താത്തതുകൊണ്ടാണ് പറയുന്നത്. അതുകൊണ്ട് ഫിസിക്കൽ ടാർജറ്റ് നേടുക എന്നത് ഈ പദ്ധതിക്ക് രൂപം നൽകുമ്പോൾ തന്നെ ഇതിൽ ഉൾപ്പെടുത്താനുള്ള പരിശ്രമം അങ്ങ് നടത്തുമോ?

ഡോ. എം. എ. കുട്ടപ്പൻ: Youth Affairs Department-ന്റെ കീഴിൽ വിഭാവനം ചെയ്യുന്ന ഒരു സ്കീമാണ് ഈ പറയുന്നത്. അതിൽ എസ്. സി./എസ്. ടി.-യുടെ കാര്യം പറയുന്നുണ്ട്. അത് പ്രാരംഭ ദശയിലാണ്. ബഡ്ഡിംഗ് സ്റ്റേജിലാണ്. അത് ഒരു സമൂർത്ത രൂപം കൈക്കൊണ്ട് വരുന്നതേയുള്ളൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ശ്രീ. കെ. എ. ചന്ദ്രൻ ഇവിടെ ആദിവാസികളെക്കൂടെ ഉൾപ്പെടുത്തേണ്ടതിന്റെ കാര്യം പറഞ്ഞു. എനിക്ക് അതിനോട് അഡീഷണലായിട്ട് ചോദിക്കേണ്ടത് നമ്മുടെ നാട്ടിൽ കുറെ ട്രൈബ്സ് ഉണ്ട്. ഏറ്റവും പിന്നോക്കമുള്ള ഉൾനാടൻ സമൂഹമാണ് ഞാൻ ഉദ്ദേശിക്കുന്നത്. എസ്. സി./എസ്. ടി.-ക്കാരുടെ തൊട്ടടുത്ത് അവർ താമസിക്കുകയാണ്. അപ്പോൾ എസ്. സി.-ക്കുവേണ്ടി ഒരു സ്കീം ഉണ്ടാക്കുകയും തൊട്ടടുത്തുള്ള എസ്. ടി. വിഭാഗമായ ഇവരെക്കൂടി ഉൾപ്പെടുത്താതെയും ഇരിക്കുന്നത് അനീതിയല്ലേ; അതും കൂടി ഇതിന്റെ കൂടെ ആലോചിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: എംപ്ലോയ്മെന്റിൽ നിന്ന് ആളെ എടുത്തപ്പോൾ എസ്. സി./എസ്. ടി. രണ്ടുപേരെയും വിളിച്ചിട്ടുണ്ട്. ഇവിടെ ആരേയും ഒഴിവാക്കിയിട്ടില്ല. സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള ഐ.ടി.ഐ., ഐ.ടി.സി. പാസ്സായ മുഴുവൻ ആൾക്കാരേയും വിളിക്കുകയാണ് ചെയ്തത്. അതിൽ എസ്.ടി. കണ്ടേയ്ക്കാം. ഇവിടെ ഒറ്റ മനുഷ്യരില്ല. ട്രൈബൽ മേഖലയിൽ പോകുമ്പോൾ പ്രത്യേകം പഠന വിഷയമാക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: പട്ടികജാതി പട്ടികവർഗ്ഗജനവിഭാഗത്തിനുവേണ്ടി ഒരുപാട് പദ്ധതികൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ ബഹുമാനപ്പെട്ട മന്ത്രി കുറെ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞു. ഈ ക്ലബ്ബുകൾ നല്ലതുതന്നെ. പക്ഷെ നമ്മൾ ഇതുവരേയും ഉണ്ടാക്കിയ ഈ സഹകരണ സംഘങ്ങൾ ഉല്പാദന മേഖലയിൽ ഒരുപാട് പണം മുടക്കി സ്ഥാപിക്കുന്ന ഒരു നിരീക്ഷണത്തിന് വിധേയമാക്കി, ഇതിന്റെയൊക്കെ പരാജയത്തിനുള്ള കാരണങ്ങൾ കണ്ടെത്തി. ഇതുകൂടി പുനരുദ്ധരിച്ചുകൊണ്ട് ഈ ക്ലബ്ബുകളെ ഈ ഉല്പാദന മേഖലയുമായിട്ട് ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കുവാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സഹകരണ വകുപ്പുമായി സഹകരിച്ചുകൊണ്ട്, പട്ടികജാതി വകുപ്പുമായി സഹകരിച്ചുകൊണ്ട്, പട്ടികജാതിക്കാരുടെ അതുപോലെ ട്രൈബൽസിന്റെ സംഘവും നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ വേണ്ടിയുള്ള ഒരു സ്കീം ആവിഷ്കരിച്ചു വരികയാണ്.

ശ്രീ. രാജു എബ്രഹാം: സർ, കല്ലിൽ ഒരു തവണയേ തട്ടാവൂ എന്നുള്ളത് ഒരു ചൈനീസ് പഴമൊഴിയാണ്. അങ്ങയുടെ മറുപടിയിൽ നിരവധി പദ്ധതികൾ ഈ പട്ടികജാതി വകുപ്പിൽ ആവിഷ്കരിച്ചിട്ടും പരാജയപ്പെട്ടു എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാനുള്ളത്, ഇതിന്റെ ചുമതല പട്ടികജാതി വികസന വകുപ്പിനെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അതിൽ വിരോധമില്ല. പക്ഷേ ഓരോ മാസവും ഇതിന്റെ പ്രവർത്തനം റിവ്യൂ ചെയ്യണം. അങ്ങനെ ഒരു റിവ്യൂ നടത്താൻ വേണ്ടിയുള്ള ഒരു പ്രൊഫഷണൽ സംവിധാനം കൂടി ഇക്കാര്യത്തിൽ ആലോചിച്ചുകൊണ്ട് ഈ പരിപാടി വിജയിപ്പിക്കുവാൻ അങ്ങ് ശ്രദ്ധിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, പട്ടികജാതി വികസനവകുപ്പിനു മാത്രം ഇതിന് കേപ്പബിലിറ്റി ഉണ്ട് എന്ന് ഞാൻ അവകാശപ്പെടുന്നില്ല. അതുകൊണ്ട് തന്നെ കുടുംബശ്രീയുമായി ചേർന്ന് എം. ഒ. യു. ഒപ്പുവെച്ചുകൊണ്ടാണ് ആ സ്കീം ആവിഷ്കരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ കുടുംബശ്രീയും എസ്. സി./എസ്.ടി. വകുപ്പും സഹകരിച്ച് ആവിഷ്കരിച്ചിരിക്കുന്നു. അതിനുള്ള കേപ്പബിലിറ്റി പൂർണ്ണമായി എസ്.സി./എസ്.ടി. വകുപ്പിനില്ല എന്ന് അറിഞ്ഞുകൊണ്ടാണ് ചെയ്യുന്നത്.

ശ്രീ. എ. കെ. മണി: ഗാന്ധിജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്യംതന്നെ ഈ സ്കീമിൽനിന്ന് നഷ്ടപ്പെട്ടതായിട്ടാണ് എനിക്ക് തോന്നുന്നത്. ഗ്രാമങ്ങളുടെ വികസനമാണ്. ധാരാളം പട്ടികജാതി-പട്ടികവർഗ്ഗ ജനങ്ങൾ ഗ്രാമങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിക്കുന്നത്. സംവരണമണ്ഡലങ്ങളെല്ലാം ടൗണുമായി, സിറ്റിയുമായി ബന്ധപ്പെടുത്തിയിട്ടുള്ളതല്ല. ഇവിടെയാണ് ഈ ജനസംഖ്യ കൂടുതലുള്ളത്. നിലവിലുള്ള സ്കീമിന് മാറ്റം വരുത്തി കൊണ്ട് ഗ്രാമങ്ങളിൽ പട്ടികജാതി സംവരണ മണ്ഡലങ്ങളിലെങ്കിലും ഇതുപോലെ സ്കീമുകൾ തുടങ്ങാൻ ഗവൺമെന്റ് ശക്തമായി നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: നിരവധി പ്രോജക്ട് ഒരേ സമയത്ത് ആരംഭിക്കുവാൻ കഴിയുകയില്ല. തുടക്കം തിരുവനന്തപുരത്താണ്. അർബ്ബൻ ഏരിയയ്ക്ക് വേണ്ടി മാത്രമല്ല അടുത്ത ഘട്ടം എന്നുള്ള നിലയിൽ ഗ്രാമങ്ങളിൽ നമുക്ക് കൊണ്ടുപോകാം.

മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് അറ്റകുറ്റപ്പണി

*3 [1047] ശ്രീ. കെ. മോഹൻകുമാർ:
.. ടി. വി. ചന്ദ്രമോഹൻ:
.. വി. ബാലറാം:
.. തേറമ്പിൽ രാമകൃഷ്ണൻ:
.. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കു വേണ്ടി നിർമ്മിച്ചു നൽകിയിട്ടുള്ള പല വീടുകൾക്കും അറ്റകുറ്റപ്പണികൾ ചെയ്യാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇത്തരത്തിൽപ്പെടുന്ന എത്ര വീടുകളുണ്ടെന്ന് വെളിപ്പെടുത്തുമോ:

(സി) ഇത്തരത്തിൽപ്പെടുന്ന വീടുകൾ നന്നാക്കിക്കൊടുക്കുന്നതിനോ പുതുക്കി കൊടുക്കുന്നതിനോ എന്തെങ്കിലും പദ്ധതിയുണ്ടോ:

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly